പിറവം നിയോജകമണ്ഡലത്തിലെ റോഡ് ടാറിംഗും കലുങ്ക് നിർമ്മാണവും

176 [1421] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തികവർഷം ഏതെല്ലാം റോഡുകളാണ് റീ ടാർ ചെയ്തത് എന്നും ഏതെല്ലാം റോഡുകളിലാണ് പാച്ച് വർക്ക് നടത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ ;

(ബി) ഏതെല്ലാം റോഡുകളിലാണ് വീതികൂട്ടുകയും പുതിയ കലുങ്കുകൾ പണിയുകയും ചെയ്തിട്ടുള്ളത് ;

(സി) ഏതെല്ലാം റോഡുകളുടെ പണികളാണ് ആരംഭിക്കാനിരിക്കുന്നതെന്നും പ്രസ്തുത പണികൾ എന്നത്തേക്ക് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വീതികൂടിയ റോഡുകൾ

1. പാമ്പാക്കുട—അത്താണിക്കൽ റോഡ്
2. പിറവം—ഇലഞ്ഞി റോഡ്

പുതിയ കലുങ്ക് പണിത റോഡുകൾ

1. പാമ്പാക്കുട—അത്താണിക്കൽ റോഡ്
2. തൊടുപുഴ—പിറവം റോഡ്

(സി) പെരുവംമുഴി പിറവം റോഡിന്റെ പുനരുദ്ധാരണ പണികൾ. ടെണ്ടർ ചെയ്ത് നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഏപ്രിൽ മാസത്തിൽ പണി ആരംഭിക്കും.

എൻ. എച്ച്. 38-ന്റെ ഭാഗം വീതി കൂട്ടുന്നതിന് നടപടി

177 [1422] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പുതിയങ്ങാടിയിൽ നിന്നും അത്തോളിവഴി ഉള്ളിയേരിവരെയുള്ള ഭാഗം എൻ. എച്ച്.-38-ന്റെ ഭാഗം വീതി കൂട്ടുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly